"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം താലൂക്കിൽ തൈക്കാട് വില്ലേജിലെ ബ്ലോക്ക് 63 റീസർവെ 18 പാർട്ടിൽപെട്ട 0.46 ആർ പട്ടയഭൂമി, 12 വർഷം കഴിഞ്ഞ് മാത്രമേ പട്ടയഭൂമി കൈമാറ്റം നടത്താൻ കഴിയൂ എന്ന വ്യവസ്ഥ ഒഴിവാക്കി, പട്ടയകക്ഷിയായ ശ്രീ.സിലോചനന്റെ ചികിത്സാർത്ഥം ടി. ഭൂമി അകാലകൈമാറ്റം ചെയ്യുന്നതിന് അനുമതി നൽകിക്കൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (യു) വകുപ്പ്

സ.ഉ.(കൈ) നം.57/2026/RD തീയതി,തിരുവനന്തപുരം, 06-02-2026

---

പരാമർശം:-
1. 21.06.2023 ലെ ശ്രീ.സിലോചനന്റെ അപേക്ഷ.
2. തഹസിൽദാറുടെ 06.08.2025 ലെ LA3/1171999/25 നമ്പർ കത്ത്.
3. ലാൻഡ് റവന്യൂ കമ്മീഷണറുടെ 23.08.2025 ലെ എൽ.ആർ./3912/2024/എൽ.ആർ.ജെ6 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം താലൂക്കിൽ തൈക്കാട് വില്ലേജിലെ ബ്ലോക്ക് 63 റീസർവെ 18 പാർട്ടിൽപെട്ട 0.46 ആർ പട്ടയഭൂമിക്ക് അകാലകൈമാറ്റം അനുവദിക്കണമെന്നാവശ്യപ്പെട്ട് പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും, തൈക്കാട് വില്ലേജിലെ ബ്ലോക്ക് 63 റീസർവെ 18 പാർട്ടിൽപെട്ട സർക്കാർ തരിശ് ഭൂമിയിൽ 0.46 ആർ സ്ഥലത്തിന് ശ്രീമതി.ശാന്ത & ശ്രീ. സിലോചനൻ റ്റി.സി.16/1077, കുളം നികത്തിയ വീട്, തൈക്കാട്, തിരുവനന്തപുരം എന്നവർക്ക് 16.05.2022 ൽ പട്ടയം അനുവദിച്ചിട്ടുള്ളതാണെന്നും ടിയാൾ പേരിൽ 22966 നമ്പർ തണ്ടപ്പേരിൻ പ്രകാരം റീസർവെ 49 ആയി പ്രസ്തുത സ്ഥലത്തിന് കരമൊടുക്കി വന്നിരുന്നതും, പ്രസ്തുത പട്ടയ കക്ഷികളിൽ ഒരാളായ ശ്രീമതി.ശാന്ത 06.12.2024 ൽ മരണപെട്ടിട്ടുള്ളതിനാൽ ടി വസ്തു പിൻതുടർച്ച പോക്കുവരവ് ചെയ്ത് 26825 നമ്പർ പ്രകാരം ശ്രീ.സിലോചനൻ പേരിൽ 2024-25 സാമ്പത്തിക വർഷം വരെ കരമൊടുക്കിയിട്ടുള്ളതും, ടിയാളുകൾക്ക് സന്താനങ്ങളില്ലാത്തതുമാണെന്നും ശ്രീ. സിലോചനൻ ഹൃദയം, വൃക്ക എന്നിവ സംബന്ധമായ അസുഖങ്ങളാലും വാർദ്ധക്യ സഹജമായ അസുഖങ്ങളാലും അവശത അനുഭവിയ്ക്കുന്ന വ്യക്തിയും, ടിയാന് പ്രത്യേകിച്ച് വരുമാന മാർഗ്ഗങ്ങളൊന്നും തന്നെയില്ലാത്തതും നിലവിൽ സഹോദരന്റെ സംരക്ഷണയിലാണ് ടിയാൻ കഴിഞ്ഞു വരുന്നതെന്നും 1995 ലെ കോർപ്പറേഷൻ മുൻസിപ്പൽ പ്രദേശങ്ങളിലെ ഭൂമി പതിവ് ചട്ടങ്ങൾക്ക് വിധേയമായി അനുവദിച്ചിട്ടുള്ള പട്ടയ വ്യവസ്ഥകൾ പ്രകാരം 12 വർഷം കഴിഞ്ഞു മാത്രമേ പട്ടയഭൂമി കൈമാറ്റം ചെയ്യാനാകുകയുള്ളുവെന്നും ആയതിനാൽ ശ്രീ. സിലോചനന്റെ അപേക്ഷ ഒരു പ്രത്യേക കേസായി പരിഗണിച്ച് സർക്കാർ ഉത്തരവ് ലഭ്യമാക്കണമെന്നുമാണ്

ലാൻഡ് റവന്യൂ കമ്മീഷണർ പരാമർശം (3) പ്രകാരം ആവശ്യപ്പെട്ടിരിക്കുന്നത്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.സിലോചനൻ & ശ്രീമതി.ശാന്ത എന്നിവർക്ക് 16.05.2022 ൽ പട്ടയം നൽകിയ തൈക്കാട് വില്ലേജിലെ ബ്ലോക്ക് 63 റീസർവെ 18 പാർട്ടിൽപെട്ട 0.46 ആർ ഭൂമി, പട്ടയ കക്ഷികളിൽ ഒരാളായ ശാന്ത മരണപ്പെട്ടിട്ടുള്ളതിനാലും ടിയാളുകൾക്ക് സന്താനങ്ങളില്ലാത്തതിനാലും, ശ്രീ.സിലോചനന്റെ അവസ്ഥ കണക്കിലെടുത്ത് ഇതൊരു പ്രത്യേക കേസായി പരിഗണിച്ച്, 12 വർഷം കഴിഞ്ഞ് മാത്രമേ പട്ടയഭൂമി കൈമാറ്റം നടത്താൻ കഴിയൂ എന്ന വ്യവസ്ഥ ഒഴിവാക്കി, പട്ടയകക്ഷിയായ ശ്രീ.സിലോചനന്റെ ചികിത്സാർത്ഥം ടി ഭൂമി അകാലകൈമാറ്റം ചെയ്യുന്നതിന് അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എം ജി രാജമാണിക്കം
സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
ജില്ലാ കളക്ടർ, തിരുവനന്തപുരം
ശ്രീ. സിലോചനൻ, റ്റി.സി.16/1077, കുളം നികത്തിയ വീട്, തൈക്കാട്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ& ഇ) കേരള, തിരുവനന്തപുരം
പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം. നം 3620 തീയതി 04.02.2026)
പബ്ളിക് റിലേഷൻസ് (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ്
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം,

Signed by
Sindhu L V
സെക്ഷൻ ഓഫീസർ
Date: 07-02-2026 14:32:30

പകർപ്പ്. ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പി. എസ്. ന്.
റവന്യൂ വകുപ്പ് സെക്രട്ടറിയുടെ പി. എ.ക്ക്
റവന്യൂ വകുപ്പ് സെക്രട്ടറിയുടെ സി.എ. ക്ക്